**DCETVM/2153/2024-C3**

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ആസ്ഥാനകാര്യാലയം
തിരുവനന്തപുരം
തീയതി: **07-04-2025**

**സർക്കുലർ**

വിഷയം:-കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവ.കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കോഴിക്കോട്- മാർക്കർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം സംബന്ധിച്ച്

സൂചന:-1.കോഴിക്കോട് ഗവ.കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ഹോസ്റ്റൽ വാർഡന്റെ 27.11.2024 ലെ 736/2023/GPECKKD നം. കത്ത്
2.03/02/2025 ലെ സർക്കാർ കത്ത് നം.എഫ്1/254/2024/ഉ.വി.വ

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, മടപ്പള്ളി സർക്കാർ കോളേജ് എന്നിവിടങ്ങളിലായി നാല് മാർക്കർ തസ്തികകളാണ് നിലവിലുള്ളത്. കോഴിക്കോട് ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിൽ നിലവിൽ വന്ന ഒരു മാർക്കർ തസ്തികയിലെ ഒഴിവിലേയ്ക്ക് തസ്തിക മാറ്റത്തിനായി ടി കോളേജിലെ നൈറ്റ് വാച്ച്മാന്റ അപേക്ഷ ലഭിച്ചതിനെ തുടർന്ന് ടി തസ്തികമാറ്റം അനുവദനീയമാണോ എന്നത് സംബന്ധിച്ച് സർക്കാർ സ്പഷ്ടീകരണം തേടുകയും കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ റൂൾ 1 കാറ്റഗറി-2 ൽ ഉൾപ്പെട്ടിട്ടുള്ള നൈറ്റ് വാച്ച്മാൻ, മാർക്കർ എന്നീ തസ്തികകൾക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസിലെ ചട്ടം 2 പ്രകാരം പൊതുവായ റാങ്ക് പട്ടികയിൽ നിന്നും നിയമനം നല്കുന്ന തസ്തികകൾ ആയതിനാൽ തസ്തികമാറ്റം അനുവദിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം സർക്കാർ സ്പഷ്ടീകരണം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

വകുപ്പിൽ നൈറ്റ് വാച്ച്മാൻമാർക്ക് തസ്തികമാറ്റം നല്കുന്നത് ജില്ലാതല സീനിയോറിറ്റി അടിസ്ഥാനത്തിലാണ്. **നിലവിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്ന നൈറ്റ് വാച്ച്മാന്റെ അഡ്വൈസ് തീയതി 17/03/2023 ആണ്.** മേൽ സാഹചര്യത്തിൽ **കോഴിക്കോട് ജില്ലയിൽ** ടിയാളുടെ സീനിയർമാരായ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ള നൈറ്റ് വാച്ച്മാൻമാരിൽ ആർക്കെങ്കിലും മാർക്കർ തസ്തികയിലേയ്ക്ക് മാറ്റത്തിന് പരിഗണിക്കണമെന്നുണ്ടെങ്കിൽ ആയതിലേയ്ക്കുള്ള അപേക്ഷയും സമ്മതപത്രവും **22/04/2025 നകം** ഈ കാര്യാലയത്തിൽ ലഭ്യമാക്കിത്തരേണ്ടതാണ്. **മാർക്കർ തസ്തികയിലേയ്ക്ക് തസ്തികമാറ്റത്തിന് സമ്മതമാണെന്നും ടി തസ്തികയിലേയ്ക്ക് മാറ്റം ലഭിക്കുകയാണെങ്കിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റത്തിന് അവകാശവാദമുന്നയിക്കില്ല എന്നും** സമ്മതപത്രത്തിൽ രേഖപ്പെടുത്തി പ്രിൻസിപ്പാളിന്റെ മേലൊപ്പ് സഹിതമാണ് ലഭ്യമാക്കേണ്ടത്. മേൽ തീയതിയ്ക്കകം അപേക്ഷകൾ ലഭിച്ചില്ലായെങ്കിൽ നിലവിലെ അപേക്ഷകനെ തസ്തികമാറ്റത്തിന് പരിഗണിക്കുന്നതാണെന്ന വിവരം കൂടി

അറിയിക്കുന്നു. ഈ സർക്കുലർ ബന്ധപ്പെട്ട ജീവനക്കാർ കണ്ടു എന്ന് സ്ഥാപനമേധാവി ഉറപ്പ് വരുത്തേണ്ടതാണ്

Signed by
Satheesh S
Date: 07-04-2025 10:03:32

**Satheesh S**
**SENIOR ADMINISTRATIVE OFFICER**

പകർപ്പ്1.വകുപ്പിന് കീഴിലെ കോഴിക്കോട് ജില്ലയിലെ സ്ഥാപനമേധാവികൾക്ക്
2.സിസ്റ്റം മാനേജർക്ക് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)